بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 19/09/14

(23 DHUL-QADDAH 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, അഅവ്വദ്, സൂറ: അൽഫാതിഹായ്ക്കും ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

അല്ലാഹു (ത) മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും നല്ല നിലയിലാണ്. അല്ലാഹുവിൽ നിന്നുള്ള ജ്ഞാനം കരസ്ഥമാക്കുവാനുള്ള കഴിവുള്ളതിനാൽ, മനുഷ്യനാണ് അല്ലാഹുവിന്റെ സമുന്നതനായ സൃഷ്ടി. ഈ ജ്ഞാനം കരഗതമാകുന്നത് ഹൃദയത്തിലൂടെയാണ്. അല്ലാഹുവിന്റെ അറിവ് ഹൃദയത്തിനുണ്ട്. അല്ലാഹുവിന്റെ സമീപ സ്ഥിതി നേടുവാൻ അത് കഠിനാധ്വാനം ചെയ്യുന്നു. മറ്റെല്ലാ അവയവങ്ങളും ഹൃദയ സേവനത്തിൽ സേവനം ചെയ്യുന്ന അനുയായികൾ മാത്രമാണ്. അല്ലാഹു അല്ലാത്തതിൽ നിന്നും ഹൃദയത്തെ സംരക്ഷിച്ചാൽ – അതായത് അല്ലാഹുവിൽ നിന്നും അകറ്റുന്ന ആളുകളിൽ നിന്നും സാധനങ്ങളിൽ നിന്നും – അല്ലാഹു അത് സ്വീകരിക്കുന്നതാണ്. അല്ലാഹു അല്ലാത്തതിനോട് ബന്ധപ്പെടുത്തി ഹൃദയം നിന്നാൽ അല്ലാഹു (ത) അത് നിരസിക്കുന്നതാണ്. ഹൃദയ ശുദ്ധീകരണത്തിനായി പ്രയത്നിച്ചാൽ, അല്ലാഹുവിന്റെ തൃപ്തി നേടുന്നു. മറിച്ച് പ്രവർത്തിച്ചാൽ ഹൃദയം പാപപങ്കിലവും അനുസരണ ഇല്ലാത്തതുമായി മാറുന്നു. ആ പ്രവൃത്തി നിരസിക്കപ്പെടുകയും, പ്രയാസം ഉളവാക്കുന്നതായി മാറുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ, ഹൃദയമാകുന്നു അല്ലാഹുവിനെ അനുസരിക്കുന്നത്. പ്രവർത്തനങ്ങളും, ആരാധനകളും ഹൃദയത്തിന്റെ അനുസരണത്തിന്റെ ഫലങ്ങളാകുന്നു. ശരീ അത്തിന്റെ പരിധികളെ അതി ലംഘിക്കുന്നത് ഹൃദയമാകുന്നു. ഹൃദയത്തിന്റെ പരിധി ലംഘനങ്ങളുടെ ഫലം മനുഷ്യന്റെ പ്രവർത്തനങ്ങളുടെ പരിധി ലംഘനങ്ങളായി മാറുന്നു. മനുഷ്യൻ തന്റെ ഹൃദയത്തെ അംഗീകരിക്കുന്നുവെങ്കിൽ, അവനെ അവൻ സ്വയം അംഗീകരിക്കുന്നുവെന്നർത്ഥം. അവന്റെ ഹൃദയത്തെ അംഗീകരിക്കുന്നതിൽ അവൻ പരാജയപ്പെട്ടാൽ, അവൻ തന്നെ അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്നു എന്നർത്ഥം. അതിലൂടെ അല്ലാഹു (ത) യെ അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്നു. ദൗർഭാഗ്യവശാൽ ധാരാളം ആളുകൾ നഫ്സിനെയും ഹൃദയത്തെയും കുറിച്ച് അജ്ഞരാണ്.

അല്ലയോ മുസ്‌ലീം സഹോദരി സഹോദരന്മാരേ ! നമ്മുടെ ഹൃദയങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ കരങ്ങളിലാണ്. അവൻ ഇച്ഛിക്കുന്ന നിലയിൽ അതിനെ അവൻ തിരിക്കുന്നു. അവൻ ഉദ്ദേശിക്കുന്നത് ഹൃദയത്തിൻ നൽകുന്നു, അവൻ ഉദ്ദേശിക്കുന്നത് ഹൃദയത്തിൽ നിന്നും നീക്കം ചെയ്യുന്നു. **അല്ലാഹു (ത) പറയുന്നു. " എന്നാൽ അല്ലാഹു സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് ആകർഷകമാക്കുകയും ചെയ്തിരിക്കുന്നു."**(49:8)

**"ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുന്നതായാൽ അവന്റെ ഹൃദയത്തെ അല്ലാഹു നേർവഴിയിലാക്കും."**(64:12)

**"അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കുകയും ചെയ്തു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കമുണ്ടാക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവർക്കിടയിൽ ഇണക്കമുണ്ടാക്കിയിരിക്കുന്നു."** (8:64)

അധ്യായം 8 വചനം 64 ൽ അറബികളുടെ അവസ്ഥയാണ് വിശദീകരിച്ചിട്ടുള്ളത്. അറബികളുടെ ഹൃദയങ്ങൾ അസൂയ, പ്രാദേശിക വികാരം, ഞാനെന്ന ഭാവം തുടങ്ങിയ ദുർഗുണങ്ങളാൽ രൂഢമൂലമായിരുന്നു. നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യെ അല്ലാഹു (ത) അവിടെ നിയോഗിക്കുകയും അവരെ ഇസ്‌ലാമിക വിശ്വാസത്തിലേക്ക് കൊണ്ടുവരുകയും, വിശുദ്ധ പ്രവാചകരുടെ അധ്യാപനങ്ങൾ അവർ പിൻ പറ്റുകയും ചെയ്തു. ഇതുമൂലം അവരുടെ ഹൃദയങ്ങളിൽ സ്നേഹവും ഐക്യവും വളർന്നു വന്നു. തെറ്റായ മുൻ വിധികൾക്കും അസൂയക്കും പകരം സ്നേഹവും സാഹോദര്യവും നാമ്പിട്ടു. മനുഷ്യരുടെ ഹൃദയങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ കരങ്ങളിലാണ് എന്നതിന് ഇത് മതിയായ തെളിവ് തന്നെയാണ്. അവൻ ഉദ്ദേശിക്കുന്ന ദിശയിലേക്ക് അവൻ അതിനെ തിരിക്കുന്നു. ഗുഹാ നിവാസികളുടെ ഹൃദയങ്ങളിൽ സഹന ശക്തിയും ക്ഷമയും പ്രദാനം ചെയ്തത് അല്ലാഹു മാത്രമാണ്. അവരുടെ ഭവനങ്ങളിലെ സുഖവും സന്തോഷവും അവർ ത്യജിച്ചു. അവരുടെ ദീൻ സംരക്ഷണാർത്ഥം അവർ ഗുഹയിൽ അഭയം തേടി. **അല്ലാഹു (ത) പറയുന്നു. നാം അവരുടെ ഹൃദയങ്ങളെ ഉറപ്പിച്ചു നിർത്തി, അവർ ദൃഢ തരത്തിൽ പറഞ്ഞപ്പോൾ (തങ്ങളുടെ നാട്ടിൽ നിന്ന് പുറത്തു പോകുന്നതിനായി ) അവർ എഴുന്നേറ്റപ്പോൾ നാം അവരുടെ**

**ഹൃദയങ്ങളെ ബലപ്പെടുത്തി. അപ്പോൾ അവർ (അന്യോന്യം) പറഞ്ഞു. നമ്മുടെ നാഥൻ ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനാണ്. നാം അവനെ കൂടാതെ മറ്റൊരു ദൈവത്തെയും ഒരിക്കലും വിളിച്ച് പ്രാർത്ഥിക്കുകയില്ല. അങ്ങനെ നാം ചെയ്തെങ്കിൽ നാം അതിർ കവിഞ്ഞ വാക്കു പറഞ്ഞവരായിതീരും. ''**(18:15)

അവരുടെ സംഭാഷണം താഴെപ്പറയുന്ന നിലയിൽ അല്ലാഹു (ത) വിവരിക്കുന്നു. **'' അവരെയും അല്ലാഹുവിനെ കൂടാതെ അവർ ആരാധിക്കുന്ന വസ്തുക്കളെയും നിങ്ങൾ വിട്ടുമാറിയ സ്ഥിതിക്ക് നിങ്ങൾ ഗുഹയിലേക്ക് അഭയം തേടുക. നിങ്ങളുടെ നാഥൻ നിങ്ങൾക്ക് അവന്റെ കാരുണ്യത്തിന്റെ (വല്ല മാർഗ്ഗവും) തുറന്നു തരുകയും നിങ്ങളുടെ (ഈ) കാര്യത്തിൽ നിങ്ങൾക്ക് അവൻ സൗകര്യം ഒരുക്കി തരുകയും ചെയ്യും. ''**(18:17)

അല്ലാഹു (ത) യെ സ്നേഹിക്കുന്നവരെ സംബന്ധിച്ചു പറയുന്നു. **''അല്ലാഹുവിലും അന്ത്യനാവിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനെയും അവന്റെ ദൂതനെയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല. അവർ സ്വപിതാക്കളോ, സ്വസന്താനങ്ങളോ, സ്വസഹോദരങ്ങളോ, സ്വകുടുംബ ബന്ധുക്കളോ ആയാലും ശരി. അത്തരക്കാരാകട്ടെ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതി വെയ്ക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത വാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ചു തൃപ്തനായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക. അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ'' (58:23)**

മുസ്‌ലീംകൾക്കെതിരെ യുദ്ധം ചെയ്യുവാൻ ഒരുമിച്ചുകൂടിയ മുഷ്രിക്കീങ്ങളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **''അല്ലാഹു ഏതൊന്നിനെ സംബന്ധിച്ച് യാതൊരു തെളിവും ഇറക്കിയിട്ടില്ലയോ അതിനെ അല്ലാഹുവിന് അവർ പങ്കാളികളാക്കി വച്ച കാരണത്താൽ അവിശ്വാസികളുടെ ഹൃദയങ്ങളിൽ നാം ഭയം ഇട്ടു കൊടുക്കും. അവരുടെ സങ്കേതം നരകമത്രെ. അക്രമികളുടെ വാസസ്ഥലം എത്രയും ദുഷിച്ചതുതന്നെ. ''(3:152)**

വിശുദ്ധ ഖുർആനെ അംഗീകരിക്കാതെ നിരസിച്ച അവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. ''എന്നാൽ, അവർ ഈ ഖുർആനെ കുറിച്ച് ചിന്തിക്കുന്നില്ലേ ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ പൂട്ടപ്പെട്ടു പോയോ ?

ഹസ്രത് മുഹമ്മദ് (സ) ഈ ഖുർ ആനിക വചനം ഓതിയപ്പോൾ യമനിലെ ഒരു യുവ സഹാബി പറഞ്ഞതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ''അവരുടെ ഹൃദയങ്ങളെ അല്ലാഹു സീലു വെച്ചിരിക്കുന്നു. അല്ലാഹു ആ സീൽ നീക്കം ചെയ്യുന്നതു വരെ അതവിടെ തുടരുന്നതാണ്. ഹസ്രത് ഉമർ (റ) ഈ യുവ സഹാബിയെ മനസ്സിൽ സൂക്ഷിച്ചിരുന്നു. ഹസ്രത് ഉമർ (റ), ഖലീഫ ആയപ്പോൾ ഈ സഹാബിയുടെ സേവനം തന്റെ സർക്കാരിനുവേണ്ടി ആവശ്യപ്പെട്ടിരുന്നു. **അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. ''അതിനാൽ ആരെയെങ്കിലും നേർമാർഗ്ഗത്തിൽ വഴി നടത്തുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ അവന്റെ ഹൃദയത്തെ ഇസ്‌ലാം സ്വീകരിക്കുന്നതിനായി അവൻ വികസിപ്പിച്ചു കൊടുക്കുന്നതാണ്. അവനെ വഴിതെറ്റിക്കുന്നതിന് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ ഇടുങ്ങിയതും സങ്കുചിതവുമാക്കിതീർക്കുന്നു. അവൻ ഉയരത്തിലേക്ക് (സാഹസപ്പെട്ട്) കയറിപോകുന്നതു പോലെ. ഇപ്രകാരം വിശ്വസിക്കാത്തവരുടെ മേൽ അല്ലാഹു ശിക്ഷയിറക്കുന്നതാണ്.''**(6:126)

അല്ലാഹു (ത) ഒരാൾക്ക് ഹിദായത്ത് കൊടുക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ ഒരു പ്രകാശം അവന്റെ ഹൃദയത്തിൽ ഇട്ടുകൊടുക്കുന്നു. അപ്പോൾ അവൻ അത് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. മുകളിൽ പറഞ്ഞ ആയത്ത് ഇറങ്ങിയപ്പോൾ നബികരീം (സ) നോട് ചോദിച്ചതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹൃദയത്തെ വികസിപ്പിക്കുന്നത് സംബന്ധമായി ''നബികരീം (സ) മറുപടിയായി പറഞ്ഞു. അത് പ്രകാശത്തിന്റെ ഒരു ഇനമാണ്. വിശ്വാസികളുടെ ഹൃദയങ്ങളിൽ അല്ലാഹു (ത) അതിനെ സൃഷ്ടിക്കുന്നു. അങ്ങനെ അത് സത്യത്തിന്റെ ഒരു ദൃഷ്ടാന്തം സൃഷ്ടിക്കുന്നു. അതിന്റെ ഫലമായി സത്യം വേഗത്തിൽ സ്വീകരിക്കുവാൻ കഴിയും. ''അപ്പോൾ ചോദിക്കപ്പെട്ടു. ഈ ദൃഷ്ടാന്തങ്ങളുടെ അടയാളങ്ങൾ എന്തൊക്കെയാണ് ? **''അപ്പോൾ ഹസ്രത് നബികരീം (സ) മറുപടി പറഞ്ഞു. പരലോകത്തേക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾക്ക് മുൻ ഗണന കൊടുക്കുകയും, ഇഹലോകത്തിലെ കാര്യങ്ങൾ ഒരു ഭാഗത്തേക്ക് മാറ്റിവെയ്ക്കുകയും ചെയ്യുന്നു. പ്രകാശത്തിന്റെ പ്രവേശനാടയാളങ്ങളാണത്. ഹസ്രത് മുഹമ്മദ് (സ) മിക്കപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. യാ! അല്ലാഹ് ! എന്റെ ഹൃദയത്തിൽ പ്രകാശം സൃഷ്ടിക്കേണമെ ! ''ആമീൻ.**

അല്ലാഹു (ത) പറയുന്നു. അവരുടെ ഹൃദയങ്ങളെയും കണ്ണുകളെയും നാം തിരിച്ചു കളയുന്നതാണ്. ''(6:111) ''തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നില്ക്കുന്നു എന്നറിയുക.'' (8:25) ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. ''ഒരിക്കൽ അല്ലാഹു മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ നിന്നാൽ, മനുഷ്യന് ഒരു വിശ്വാസിയോ അവിശ്വാസിയോ ആകുവാൻ കഴിയുകയില്ല. എന്നാൽ അല്ലാഹുവിന്റെ അനുവാദത്തോടെ ആകാവുന്നതാണ്. മുഹമ്മദ് (സ) പറഞ്ഞു. ''മനുഷ്യ ഹൃദയങ്ങൾ അല്ലാഹുവിന്റെ ഇരുവിരലുകളുടെ

നിയന്ത്രണത്തിലാണ്. അവൻ ഉദ്ദേശിക്കുന്ന ദിശയിലേക്ക് അതിനെ അവൻ തിരിക്കുന്നു. നബികരീം (സ) ഈ പ്രാർത്ഥന ചൊല്ലാറുണ്ടായിരുന്നു. അല്ലയോ ! ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനെ ! നിന്റെ മതത്തിൽ എന്റെ ഹൃദയത്തെ ഉറപ്പിച്ചു നിർത്തേണമെ ! ആമീൻ.

**ഒരു സഹാബി ചോദിച്ചു "അല്ലയോ അല്ലാഹുവിന്റെ ദൂതരെ, അങ്ങ് കൊണ്ടു വന്ന എല്ലാ വിശ്വാസങ്ങളും ഞങ്ങൾ വിശ്വിസിച്ചിരിക്കുന്നു. ഞങ്ങളെ സംബന്ധിച്ച് അങ്ങയ്ക്ക് എന്തെങ്കിലും ഭയമുണ്ടോ ? ഹസ്രത് മുഹമ്മദ് (സ) അതെ എന്നു മറുപടി പറയുകയുണ്ടായി. "മനുഷ്യഹൃദയങ്ങൾ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. അവൻ ചിലരെ നേർപാതയിലും മറ്റു ചിലരെ തെറ്റായ പാതയിലും വിടുന്നു. ആയതിനാൽ നമ്മുടെ ഹൃദയങ്ങൾക്ക് ഹിദായത്ത് നല്കി രക്ഷിക്കുവാനും തെറ്റായ പാതയിലായിരിക്കാതിരിക്കുവാനും വേണ്ടി ദു ആ ചെയ്തുകൊണ്ടിരിക്കണം. അവന്റെ പ്രത്യേക അനുഗ്രഹങ്ങൾ നമ്മിൽ ചൊരിയാനായി നാം അർത്ഥിച്ചു കൊണ്ടിരിക്കണം. അവൻ അവന്റെ അനുഗ്രഹങ്ങളിൽ രാജകീയ പ്രൗഢി ഉള്ളവനാണ്.**

ഹസ്രത് മുഹമ്മദ് (സ) ന് ഹൃദയങ്ങളുടെ വിവിധ അവസ്ഥകളെക്കുറിച്ച് അറിവുള്ള ആളാണ്. ഹൃദയങ്ങൾ വിവിധ കാര്യങ്ങളിൽ വ്യാപരിക്കുന്നതുമാണ്. വളരെ പെട്ടെന്ന് ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥയിലേക്ക് മാറുന്നതാണ്. അതു പോലെ പ്രവാചക പ്രഭു (സ) ന് അറിയാവുന്നതാണ്, മനുഷ്യ ഹൃദയം പൂർണ്ണമായും അവന്റെ നിയന്ത്രണത്തിന് പുറത്തുള്ള കാര്യമാണ് എന്നും. ഹൃദയത്തിന്റെ ഈ അവസ്ഥ വളരെയധികം ഉൾക്കാഴ്ചയുള്ളവർക്കു മാത്രം ബോധ്യമാകുന്ന കാര്യമാണ്. ഹൃദയത്തിന്റെ അവസ്ഥകളെക്കുറിച്ച് ഗാഢമായി ചിന്തിക്കുന്നവർക്ക് മാത്രം കരസ്ഥമാക്കാവുന്ന അറിവുകളാണിവ. അല്ലാഹുവിനെ തന്റെ ബോധ്യത്തിലൂടെ നേടുവാൻ കഠിനമായി പരിശ്രമിക്കുന്നവർക്ക് ലഭിക്കുന്ന ജ്ഞാനാമൃതമാണിത്.

ഇന്ന് ഞാൻ എന്റെ പ്രഭാഷണം ഇവിടെ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായി ഞാൻ അല്ലാഹു (ത) യോട് പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് ! അല്ലാഹു (ത) അവന്റെ പ്രകാശത്താൽ നമ്മെ പ്രകാശിപ്പിക്കട്ടെ ! സത്യാന്വേഷകർക്ക് ഈ പ്രകാശം കണ്ടെത്തുവാൻ അവൻ അനുഗ്രഹം ചെയ്യട്ടെ ! അതിൽ നിന്നുള്ള ഏറ്റവും നല്ല സത്ഫലങ്ങൾ ലഭ്യമാകട്ടെ. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************